**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1832** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>വയോമിത്രം പദ്ധതി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ |
| ശ്രീ. കുറുക്കോളി മൊയ്തീൻ | (മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി) |
| ശ്രീ. പി. കെ. ബഷീർ | |
| ശ്രീ. യു. എ. ലത്തീഫ് | |
| ശ്രീ. നജീബ് കാന്തപുരം | |

**(എ)** 65 വയസ്സിനു മുകളിലുള്ളവർക്ക് ക്ലിനിക്കൽ സൗകര്യവും മരുന്നും സൗജന്യമായി നൽകുന്ന വയോമിത്രം പദ്ധതിയുടെ പ്രായപരിധി കുറയ്ക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വയോമിത്രം പദ്ധതി മാർഗരേഖ അംഗീകരിച്ചുകൊണ്ടുള്ള 23-12-2014 -ലെ സ.ഉ (എം.എസ്)നം 103/2014/SJD നമ്പർ ഉത്തരവിൽ ,പ്രായപരിധി 65 വയസായി നിജപ്പെടുത്തിയിട്ടുണ്ട്.വയോമിത്രം പദ്ധതി ഗുണഭോക്താവാകുന്നതിനുള്ള പ്രായപരിധി കുറയ്ക്കണമെന്ന ആവശ്യം നിലവിൽ പരിഗണനയിലില്ല. ഇക്കാര്യത്തിൽ സർക്കാരിന് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നല്കിയിട്ടില്ല.

**(ബി)** വയോജനങ്ങളുടെ നിരാലംബതയും നിസ്സഹായതയും കണക്കിലെടുത്ത്, അവർക്കായി അടിയന്തര ചികിത്സാ പദ്ധതികൾ ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന പദ്ധതികളാണ് ആർദ്രം ഹെൽത്ത് മിഷന്റെ ഭാഗമായി നടന്നുവരുന്നത്. ആരോഗ്യവകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും സംയുക്ത പരിപാടിയായി സംസ്ഥാനത്ത് വയോജന ആരോഗ്യ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രധാന ആശുപത്രികളിലെ ജെറിയാട്രിക് വാർഡ്, ജെറിയാട്രിക് ഒ പി എന്നിവയിലും മറ്റു ആശുപത്രികളിലെ ജെറിയാട്രിക് ക്ലിനിക്കുകളിലും വയോജന സൗഹൃദ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 227 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലുൾപ്പെടെ ഫിസിയോതെറാപ്പി സേവനവും വയോജനങ്ങൾക്കായി ഉറപ്പുവരുത്തിയിട്ടുണ്ട്. ആശുപത്രികളിൽ ക്യൂ രഹിത ഒ.പി യോ അല്ലങ്കിൽ ടോക്കൺ സിസ്റ്റമോ വയോജനങ്ങളുടെ സൗകര്യത്തിനായി ഉറപ്പാക്കിയിട്ടുണ്ട്. വയോജനങ്ങൾക്കായി ഒ.പി യിൽ ഇരിപ്പിടവും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. മരുന്നുകളും അനുബന്ധ ചികിത്സയും സൗജന്യമായോ/ സൗജന്യ നിരക്കിലോ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.വയോജനങ്ങളുടെ ആരോഗ്യപരിചരണം മുൻനിർത്തി ചുവടെ പ്രതിപാദിച്ചിട്ടുള്ള

പദ്ധതികൾ വകുപ്പ് നടപ്പാക്കി വരുന്നു . പ്രമേഹ രോഗ ബാധിതരായ മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ പഞ്ചസാരയുടെ അളവ് തിരിച്ചറിയാൻ സഹായിക്കുന്ന ഗ്ലൂക്കോമീറ്റർ എന്ന ഉപകരണം സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതിയായ **വയോമധുരം ,** പ്രായാധിക്യത്തിന്റെ ഭാഗമായി ദന്തനിരയ്ക്ക് കേടുപാട് സംഭവിച്ച മുതിർന്നപൗരന്മാർക്ക് കൃത്രിമ ദന്ത നിര സൗജന്യമായി വച്ച് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയായ **മന്ദഹാസം,** സാമൂഹ്യനീതി വകുപ്പിന്റെ കീഴിലെ ഓൾഡ് ഏജ് ഹോമുകളിലേയും സ്പെഷ്യൽ കെയർ ഹോമുകളിലേയും താമസക്കാർക്ക് ആയുർവേദ ചികിത്സാ രീതി പ്രകാരമുള്ള തെറാപ്പിയും സാന്ത്വനവും മരുന്നും സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതിയായ **വയോഅമൃതം,** അരക്ഷിതാവസ്ഥയിൽ ജീവിക്കുന്ന മുതിർന്നപൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി ആരംഭിച്ച പദ്ധതിയായ **വയോരക്ഷ** എന്നിവ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

**(സി)** മുതിർന്ന പൗരന്മാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** വയോജനങ്ങളുടെ സുരക്ഷതത്വം ഉറപ്പ് വരുത്തുന്നതിന് സാമുഹ്യനീതി വകുപ്പിൻ കീഴിൽ 17 സ്നേഹാലയങ്ങളും ഓ സി ബി ഗ്രാന്റ് ലഭിക്കുന്ന എൻ ജി ഒ നടത്തുന്ന 199 ക്ഷേമ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ആരോരുമില്ലാത്ത കിടപ്പു രോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിന് വയോസാന്ത്വനം എന്ന പദ്ധതി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ആരോരുമില്ലാത്ത വയോജനങ്ങൾക്ക് അടിയന്തിര സാഹചര്യത്തിൽ വയോരക്ഷാ പദ്ധതി ആനുകൂല്യവും ലഭ്യമാക്കുന്നു. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്ന മുതിർന്ന പനരന്മാർക്ക് പുനരധിവാസം, ചികിത്സ എന്നിവ ഉറപ്പാക്കുന്നതിന് എല്ലാ ജില്ലകളിലും സന്നദ്ധ സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് റാപ്പിഡ് റെസ്പോൺസ് ടീം പദ്ധതി ആരംഭിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ പദ്ധതിയായ എൽഡർ ലൈൻ ഹെൽപ്പ് ലൈൻ ഒരു ടോൾ ഫ്രീ നമ്പർ 14567 നമ്പർ സേവനവും രാവിലെ 8 മുതൽ രാത്രി 8 വരെ വയോജനങ്ങളുടെ സേവനത്തിനായി ലഭ്യമാണ്.

**സെക്ഷൻ ഓഫീസർ**